(സി) പരിശീലനം കഴിഞ്ഞ എല്ലാവർക്കും ഇൻഡ്യാ ഗവണ്മെന്റ് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. ഈ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുവാൻ ധാരാളം സാദ്ധ്യതകളുണ്ട്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഇവരെ പരിശീലനത്തിനെടുക്കുമ്പോൾ ശരീരയോഗ്യതയെ സംബന്ധിച്ച പരിശോധിക്കാറില്ലേ?

ശ്രീ. കെ. ടി. അച്യുതൻ: സാധാരണ പരിശീലനം കഴിഞ്ഞതിനുശേഷമാണ് അംഗവൈകല്യം വല്ലതുമുണ്ടോ എന്നു നോക്കുന്നത്. മിലിട്ടറി പർപ്പസിനുവേണ്ടി എടുക്കുന്നവരാണെങ്കിൽ പരിശീലനത്തിനു മുമ്പു തന്നെ കണിശമായി അവർ ശാരീരികയോഗ്യത പരിശോധിക്കും. ഇക്കാര്യത്തിൽ പരിശീലനം കഴിഞ്ഞു മിലിട്ടറി പർപ്പസിനു ആവശ്യമുള്ളവരെ വളരെ കൃത്യമായിട്ട് പരിശോധിച്ചുനോക്കിയതിനു ശേഷം റിക്രൂട്ടചെയ്തിട്ടുള്ളതാണ്. അങ്ങനെ 1377 പേരെയാണ സായുധസേനയിൽ അവർ എടുത്തിട്ടുള്ളത്. ബാക്കിയുള്ളവരെ ഇൻഡസ്ട്രിയൽ കൺസേൺസിൽ നിയമിച്ചിരിക്കും.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: അവർക്കു ഗവണ്മെൻറിൽ നിന്നു വല്ലധന സഹായവും ചെയ്തുകൊടുത്തിരുന്നോ ?

ശ്രീ. കെ. ടി. അച്യുതൻ: അവർക്കു പരിശീലന കാലത്തു സ്റ്റൈപ്പെൻറ് കൊടുത്തിട്ടുണ്ട്. പലരും സായുധസേനയിൽ പോകാത്തവർതന്നെ പിന്നീട് പല ജോലികളിലും ഏർപ്പെട്ടിട്ടുണ്ട്.

ഹരിജൻ കാളനികൾ

* 764. [8] ശ്രീ. ടി.കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹരിജൻ കാളനികൾ അളന്നു പട്ടയം നല്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി ;

(ബി) എത്ര കാളനികളിൽ എത്ര പേർക്ക് പട്ടയം നൽകുകയുണ്ടായി ;

(സി) കണയന്നൂർതാലൂക്കിൽ ഇതു സംബന്ധിച്ചു എടുത്ത നടപടികൾ എന്തെല്ലാം; അതിന്റെ പുരോഗതി എത്രത്തോളമായി;

(ഡി) ഇതിനുവേണ്ടി പ്രത്യേകം സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ; ആരാണിപ്പോൾ ഈ ജോലി നിർവ്വഹിക്കുന്നത്;

(ഈ) പുതിയ സ്റ്റാഫിനെ നിയമിച്ചിട്ടില്ലെങ്കിൽ അങ്ങനെ ചെയ്യുന്നതിനുള്ള നടപടികളെടുക്കുകയും ഒരു നിശ്ചിത കാലത്തിനകം ഈ ജോലി പൂർത്തീകരിക്കുകയും ചെയ്യുമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഹരിജൻ കാളനികളിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

(ബി) ഒരു കാളനിയിലും പട്ടയം നൽകിയിട്ടില്ല. ഭൂമി അളന്നു തിരിച്ചു താമസത്തിന് മിക്ക കാളനികളിലും കൊടുത്തുകഴിഞ്ഞു.

(സി) താലൂക്ക് സർവ്വേയറെക്കൊണ്ട് കാളനികൾ അളന്ന് സബ്ഡിവിഷൻ ജോലികൾ പൂർത്തിയാക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പട്ടയം കൊടുക്കുന്നതിനുള്ള നടപടികളും എടുത്തുകൊണ്ടിരിക്കയാണ്.

(ഡി) പ്രത്യേകം സ്റ്റാഫിനെ നിയമിച്ചിട്ടില്ല. റവന്യൂ സ്റ്റാഫാണ് ഇപ്പോൾ ഈ ജോലി നിർവ്വഹിക്കുന്നത്.

(ഇ) ഇതിനെപ്പറ്റി പരിഗണിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ലാൻറ് റവന്യൂ ഡിപ്പാർട്ടുമെൻറിനു ഇപ്പോൾതന്നെ ജോലി വളരെ അധികം ആയതുകൊണ്ട് ഈ ജോലി കൂടി ചെയ്യുന്നതു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുതീക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് അതിലേക്ക് ഒരു സ്പെഷ്യൽ സ്റ്റാഫിനെ നിശ്ചയിക്കുകയും ഒരു നിശ്ചിതസമയത്തിനകം ഈ ജോലി പൂർത്തിയാക്കാനുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്യുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതാണ് (സി)-യുടെ ഉത്തരത്തിൽ പറഞ്ഞതു്.

ശ്രീ. പി. സി. ആദിച്ചൻ: കൊട്ടാരക്കര താലൂക്കിൽപ്പെട്ട കളക്കടകാളനി സർവ്വേ ചെയ്തിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : സർവ്വേ നടത്താൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടായിരുന്നു.

ശ്രീ. പി. സി. ആദിച്ചൻ : സർ, ഒരു പായിൻറ് ഓഫ് ഓർഡർ. കളക്കട കാളനി സർവ്വേ ചെയ്യാൻ വേണ്ടി ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽനിന്നും ഡയറക്ടറുടെ അപേക്ഷ അനുസരിച്ച് സർവ്വേ ഡിപ്പാർട്ടുമെൻറിൽ നിന്നും ഒരു സർവ്വേയറെ അവിടെ അയച്ചു മൂന്നു മാസംകൊണ്ട് അവിടെ സർവ്വേ ചെയ്തുകഴിഞ്ഞിട്ടുള്ളതാണ്. ഇപ്പോഴും പറയുന്നു, സർവ്വേ ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട് എന്നു്. ഇതു എന്തൊരു മറുപടിയാണ്. ആരു പറയുന്ന മറുപടിയാണ്. ഇതു സത്യവിരുദ്ധമായ മറുപടിയാണ്. അവിടത്തെ സർവ്വേ ഫൈനലായിട്ടുണ്ട്. എനിക്കു നേരിട്ടു അറിയാവുന്ന കാര്യമാണ്. ഈ കാളനി നിവാസികളുടെ അപേക്ഷ അനുസരിച്ച് അവിടെ സർവ്വേയ്ക്കു ആളെ അയച്ചു. സർ, അതുകൊണ്ടു ഈ മന്ത്രി ഇപ്പോഴും പറഞ്ഞ മറുപടി ഇവിടെ പറയാവുന്നതാണോ ?

മി. സ്പീക്കർ : മി. ആദിച്ചനു് അറിയാവുന്നകാര്യം പിന്നെ എന്തിനാണു ചോദിക്കുന്നതു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഈ പട്ടയം കൊടുക്കുന്ന കാര്യത്തിൽ വളരെ താമസം വരുന്നതുമൂലം മറ്റു സമുദായത്തിൽപ്പെട്ടവർ ഈ കാളനിയിൽ കൈയേറിയിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; അങ്ങനെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെങ്കിൽ അവരെ ഇറക്കി വിടുന്നതിനു സത്വര നടപടികളെടുക്കാൻ ഗവണ്മെൻറു തയ്യാറാകുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : വല്ല ഹരിജനകാളനിയിലും മറ്റുള്ളവർ അനധികൃതമായി പ്രവേശിച്ചിട്ടുണ്ടെന്നുള്ളതു വ്യക്തമായി ബോധ്യമാണെങ്കിൽ അവരെ ഒഴിപ്പിക്കാനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : ചിങ്ങേരി ഹരിജൻ കാളനിയിൽപ്പെട്ട ഭൂമികളും പ്ലാൻറേഷൻ കഴിഞ്ഞിട്ടുള്ള ഭൂമികളാണ്. അത്തരം ഭൂമികളെങ്കിലും പ്ലാട്ടുകളായി ഇവർക്കു കൊടുത്താൽ അതു സംരക്ഷിക്കാൻ സാധിക്കുമെന്നുള്ള കാര്യം ശ്രദ്ധിക്കുമോ :

ശ്രീ. കെ. കുഞ്ഞമ്പു : പരിശോധിക്കാം.

ശ്രീ ഒ. കോരൻ : പാലക്കാട് ജില്ലയിൽ ഉള്ള ഒരു ഹരിജൻ കാളനിയിൽ അടുത്തകാലത്തു മറ്റുള്ള ആളുകൾ കൈയേറി എന്നുള്ളതിലേക്ക് മന്ത്രിക്കു നിവേദനം കിട്ടിട്ടില്ലേ ?

ശ്രീ. കെ. കുഞ്ഞമ്പു : അങ്ങനെ പാലക്കാട് ജില്ലയിൽ ഒരു സ്ഥലത്തു നിന്നും നിവേദനം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജനറൽ മെക്കാനിക്ക് കോഴ്സ്.

* 765. [9] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ട് പോളി ടെക്നിക്കിലെ ജനറൽ മെക്കാനിക്ക് കോഴ്സ് ഉദ്യോഗനിയമനക്കാര്യത്തിൽ മെക്കാനിക്കൽ എൻജിനീയറിംഗ് സർട്ടിഫിക്കറ്റ് കോഴ്സിനു് (അണ്ണാകൊല്ലം) തത്തുല്യമായ യോഗ്യതയായി

LIBRARY ARCHIVES Kerala Legislative Assembly